# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 27.09.2023 മുതൽ 01.10.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 39/2023, (77) ചൊവ്വാഴ്ച | തീയ്യതി 26/09/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 സെപ്റ്റംബർ 20 മുതൽ സെപ്റ്റംബർ 26 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 01 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 20/09 | 21/09 | 22/09 | 23/09 | 24/09 | 25/09 | 26/09 | തീയ്യതി | | 27/09 | 28/09 | 29/09 | 30/09 | 01/10 |
| 0.2 | 0.0 | 2.6 | 23.0 | 42.0 | 3.6 | 0.0 | മഴ (മില്ലീമീറ്റർ) | | 8 | 12 | 18 | 16 | 20 |
| 31.6 | 31.5 | 31.9 | 31.1 | 31.8 | 30.5 | 32.2 | ഉയർന്ന താപനില (°C) | | 32 | 31 | 31 | 31 | 31 |
| 24.4 | 24.3 | 23.9 | 23.5 | 22.7 | 23.5 | 25.0 | കുറഞ്ഞ താപനില (°C) | | 25 | 24 | 23 | 23 | 23 |
| Cloudy | Partially cloudy | Partially cloudy | Cloudy | Overcast | Cloudy | Partially cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Cloudy | Overcast | Overcast | Overcast | Overcast |
| Partially cloudy | Cloudy | Overcast | Cloudy | Partially cloudy | Partially cloudy | | PM | | | | | | |
| 93 | 92 | 95 | 96 | 98 | 98 | 95 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 90 | 92 | 92 | 93 | 92 |
| 71 | 65 | 79 | 69 | 67 | 62 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 72 | 72 | 74 | 76 | 76 |
| 15 | 1.0 | 1.1 | 1.7 | 1.5 | 0.5 | 1.3 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 3 | 3 | 4 | 5 | 5 |
| C | C | C | C | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | W | W | WNW | WNW | WNW |
| SW | NW | SW | NW | W | WNW | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 71.4 | 1488.2 | 1354.8 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് –വിരിപ്പ് (കതിർ പരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ടു മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ, വൈകീട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ പരാഗണത്തിനെ പ്രതികൂലമായി ബാധിക്കും. |
| നെല്ല് – മുണ്ടകൻ പറിച്ചുനടീൽ | - | സ്യൂഡോമൊണാസ് കൽച്ചറിൻറെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോളഅഴുകൽ, ഇലപ്പുള്ളിരോഗങ്ങൾ ഒരുപരിധിവരെ തടയാം. പറിച്ചുനടുന്നതിനു മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | - | വാഴക്കന്ന് നടുന്നതിനു മുൻപ് കന്നിന്റെ അടിഭാഗത്തിനു ചുറ്റും ചെത്തി വൃത്തിയാക്കി, ചാണകലായനിയും, ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി മൂന്നുനാലു ദിവസം വെയിലത്ത് വെച്ചുണക്കി നടുക. |
| ഇഞ്ചി | മാണപ്പുഴു | ഇഞ്ചിയിൽ മാണപുഴുവിന്റെ ആക്രമണം തടയുന്നതിനായി തടത്തിൽ വേപ്പിൻ പിണ്ണാക്ക് ഇട്ടുകൊടുക്കുക. |
| പച്ചക്കറികൾ (വെള്ളരിവർഗ്ഗങ്ങൾ) | മൃദുരോമപൂപ്പ് | വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം:- കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS KVASU, Mannuthy).